# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 491 01.07.2014-ലെ മറുപടിക്ക്

## <u>സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കൂട്ട ചെലവഴിക്കൽ</u>

<u>ചോദ്യം</u>

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജി. സുധാകരൻ
ശ്രീ. എളമരം കരീം
ശ്രീ. എം. ചന്ദ്രൻ

<u>ഉത്തരം</u>

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും
വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കൂട്ട ചെലവഴിക്കൽ നടത്തുന്നതിനെക്കുറിച്ച് സി & എ.ജിയുടെയും സാമ്പത്തിക പരിശോധനാ വിഭാഗങ്ങളുടെയും വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാൻ അനുവദിച്ച തുക ആ വർഷത്തിൽ ഉപയോഗിക്കാതെ വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ളതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; മുൻ സാമ്പത്തിക വർഷം ഇപ്രകാരം നിക്ഷേപിക്കപ്പെട്ട തുകയുടെ കണക്കുകൾ ലഭ്യമാണോ ; | ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാൻ അനുവദിച്ച തുക ആ വർഷത്തിൽ ഉപയോഗിക്കാതെ വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് കഴിഞ്ഞ സാമ്പത്തിക വർഷാവസാനത്തിൽ ധനകാര്യ (പരിശോധനാ) വകുപ്പ് വിവരം ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ അക്കൗണ്ടുകളിലും വകുപ്പുകളുടെ ക്യാഷ് ചെസ്റ്റിലും അനുമതിയില്ലാതെ നിക്ഷേപിച്ചിരിക്കുന്ന തുക ഉടൻ തന്നെ സർക്കാരിലേയ്ക്ക് റീ ഫണ്ടുചെയ്യുവാനും, ഇത് ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുവാനും, ടി നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും, ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുവാനും എല്ലാ ഭരണ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിരുന്നു.<br>ഇത് അനുസരിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | സാമ്പത്തിക വർഷാവസാനം കൂട്ട ചെലവഴിക്കൽ നടത്തുന്നതുമൂലം വൻ ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | സാമ്പത്തിക വർഷാവസാനം കൂട്ട ചെലവഴിക്കൽ നടത്തുന്നതുമൂലം ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പദ്ധതി പ്രവർത്തനത്തിന് അതാത് ക്വാർട്ടറിൽ പണം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | 02.06.2012 ലെ 31/12/ധന നമ്പർ സർക്കുലർ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സാമ്പത്തിക വർഷത്തിൽ ജൂൺ അവസാനം വരെയുള്ള ആദ്യ പാദാന്ത്യത്തിൽ 10 ശതമാനവും, സെപ്റ്റംബർ അവസാനം വരെയുള്ള രണ്ടാം പാദാന്ത്യത്തിൽ 30 ശതമാനവും, ഡിസംബർ അവസാനം വരെയുള്ള മൂന്നാം പാദാന്ത്യത്തിൽ 60 ശതമാനവും, മാർച്ച് മാസത്തിൽ 10 ശതമാനത്തിലധികം ചെലവഴിക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെ അവസാന പാദത്തിൽ ശേഷിക്കുന്ന 40 ശതമാനം തുകയും ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**വിവിധ വകുപ്പുകൾ ട്രഷറിയിലേയ്ക്ക് തിരിച്ചടച്ച തുക സംബന്ധിച്ച കണക്കുകൾ**

| നം. | വകുപ്പ് | റീ ഫണ്ടുചെയ്ത തുക |
|---|---|---|
| 1. | പാർലമെന്ററി അഫയേഴ്സ് – എ വകുപ്പ് | 50 ലക്ഷം |
| 2. | കാഡ | 95,366/- |
| 3. | കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് | 65.74 ലക്ഷം |
| 4. | അനെർട്ട് | 13.56 കോടി<br>(21.59 കോടിരൂപ ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്) |

സെക്ഷൻ ഓഫീസർ